**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4982** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പടനിലം, നടമ്മൽകടവ് പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച പടനിലം, നടമ്മൽകടവ് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ പടനിലം പാലത്തിന്റെ സ്ഥലം ഏറ്റെടുപ്പിനും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കും വേണ്ടി 09.11.2011 തീയതിയിലെ G.O.(Rt).No.1540/2011/ PWD പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പാലം നിർമ്മാണത്തിനുവേണ്ടി 26.05.2018 തീയതിയിലെ G.O.(Rt).No.898/2018/PWD പ്രകാരം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ കാലതാമസം കാരണം 25.05.2021 ന് പ്രസ്തുത ഭരണാനുമതിയുടെ കാലാവധി അവസാനിക്കുകയും ചെയ്തു.<br><br>സ്ഥലമേറ്റെടുക്കുന്നതിനുള്ള Detailed Valuation Statement പ്രകാരം 1,07,94,458/- രൂപ ആവശ്യമുണ്ടെന്ന് കാണിച്ചുകൊണ്ട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷനുവേണ്ടി 75 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തിക്കൊണ്ട് DSoR 2018 നിരക്ക് പ്രകാരം 630 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കു വേണ്ടിയുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്, ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.<br><br>നടമ്മൽകടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുപ്പ് നടപടി അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പടനിലം പാലത്തിനും സ്ഥലമെടുപ്പിനുമായി ആറ് | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികൾ വൈകുന്നതും തന്മൂലം കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ